പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപര്‍ 2774 — 19.12.2012 ലെ മറുപടിക്ക്

## സ്വയം പര്യാപ്ത കോളനി പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ജോസ് തെറ്റയില്‍ | | ശ്രീ. എ.പി.അനില്‍ കുമാര്‍ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) | പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള സ്വയം പര്യാപ്ത കോളനി പദ്ധതിയിലേക്ക് നിലവില്‍ പരാമര്‍ശിക്കപ്പെട്ടിട്ടുള്ള കോളനികളേക്കാള്‍ പിന്നോക്കം നില്‍ക്കുന്ന കോളനികളെ പരിഗണിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ ; | എ) | 'കില'യുടെ 2009-10 ലെ സര്‍വ്വേ റിപ്പോര്‍ട്ട് പ്രകാരം 50 -ല്‍ കൂടുതല്‍ പട്ടികജാതി കുടുംബങ്ങള്‍ അധിവസിക്കുന്ന 436 കോളനികള്‍ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത് പ്രസ്തുത കോളനികളില്‍ നിന്ന് തെരഞ്ഞെടുത്ത 120 കോളനികളിലാണ് സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമങ്ങള്‍ എന്ന പദ്ധതിയുടെ ഒന്നാം ഘട്ടം എന്ന നിലയില്‍ 2012-13 വര്‍ഷം വിവിധ വികസന പ്രവര്‍ത്തനങ്ങള്‍ നടത്താന്‍ ഉദ്ദേശിക്കുന്നത്. തുടര്‍ന്നുള്ള വര്‍ഷങ്ങളില്‍ മറ്റു കോളനി/സങ്കേതങ്ങളെയും പ്രസ്തുത പദ്ധതിയില്‍ ഉള്‍പ്പെടുത്താവുന്നതാണ്. |
| ബി) | അങ്കമാലി നിയോജക മണ്ഡലത്തിലെ സ്വയംപര്യാപ്ത കോളനി പദ്ധതിയിലേക്ക് നിര്‍ദ്ദേശിക്കപ്പെട്ടിട്ടുള്ള പുളിയനം, മറ്റൂര്‍ തുടങ്ങിയ കോളനികളേക്കാള്‍ പിന്നോക്കം നില്‍ക്കുന്ന പാറക്കടവ് പഞ്ചായത്തിലെ അയനിക്കത്താഴം കോളനിയെ പരിഗണിക്കണമെന്ന അപേക്ഷയില്‍ സ്വീകരിച്ച നടപടികള്‍ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | ബി) | 2012-13 വര്‍ഷം ഒന്നാം ഘട്ടപദ്ധതിയില്‍ ഉള്‍പ്പെടുത്തിയിട്ടുള്ള 120 കോളനികളില്‍ അങ്കമാലി നിയോജക മണ്ഡലത്തിലെ കോളനികള്‍ ഒന്നും ഉള്‍പ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| സി) | ഇതു സംബന്ധിച്ച് ജനപ്രതിനിധികൾ അയനിക്കത്താഴം കോളനിയിൽ നടത്തിയ സ്ഥലസന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ പട്ടികജാതി ഓഫീസർ സമർപ്പിച്ചിട്ടുള്ള രണ്ട് റിപ്പോർട്ടുകളിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ? | സി) | 2012-13 വർഷം തെരഞ്ഞെടുത്ത 120 കോളനികളിൽ അങ്കമാലി നിയോജക മണ്ഡലത്തിലെ കോളനികൾ ഒന്നും ഉൾപ്പെടാത്ത സാഹചര്യത്തിൽ ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ റിപ്പോർട്ടിന്മേൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ